"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്- മൈനിംഗ് & ജിയോളജി 2015 ലെ കെ.എം. എം. സി. ചട്ടങ്ങൾ പ്രകാരം ശ്രീ. സ്കറിയ സെബാസ്റ്റ്യൻ , കുട്ടംപേരൂർ ഹൗസ്, ചങ്ങനാശ്ശേരി എന്നയാൾ സമർപ്പിച്ച അപ്പീൽ ഹർജി - തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ വകുപ്പ്**

സ.ഉ.(സാധാ) നം.679/2026/ID തീയതി,തിരുവനന്തപുരം, 25-06-2026

---

പരാമർശം:-

1. കോട്ടയം ജില്ലാ ജിയോളജിസ്റ്റിന്റെ 18/9/2025 ലെ 134/2025-26/DOKOT-DMG/2857/2022 നമ്പർ നടപടിക്രമം
2. ശ്രീ. സ്കറിയ സെബാസ്റ്റ്യൻ , കുട്ടംപേരൂർ ഹൗസ്,ചങ്ങനാശ്ശേരി എന്നയാൾ സമർപ്പിച്ച അപ്പീൽ ഹർജി
3. ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 18/6/2026 ലെ ഡിഎംജി/1787/2026-എം2 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

ചങ്ങനാശ്ശേരി താലൂക്കിൽ മാടപ്പള്ളി വില്ലേജിൽ റീസർവ്വെ നം. 135/6-17 -ൽപ്പെട്ട സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി 1052 മെ. ടൺ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് ശ്രീ.സെബാൻ സ്കറിയ, കുട്ടമ്പേരൂർ ചക്കാലയ്ക്കൽ ഹൌസ്, ചങ്ങനാശ്ശേരി പി.ഒ., കോട്ടയം എന്ന വ്യക്തിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച ബിൽഡിംഗ് പെർമിറ്റ് കരസ്ഥമാക്കി കെട്ടിടനിർമ്മാണം നടത്തുന്നതിലേക്ക് സാധാരണ മണ്ണ് നീക്കം ചെയ്ത് ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിൻറെ അടിത്തറ നിർമ്മാണമെങ്കിലും പൂർത്തിയാക്കി ഈ ആഫീസിനെ രേഖാമൂലം അറിയിച്ചു കൊള്ളാമെന്നും, അല്ലാത്ത സാഹചര്യത്തിൽ മണ്ണ് നീക്കം ചെയ്ത പ്രവൃത്തി അനധികൃതമായി കണക്കാക്കി റോയൽറ്റിയുടെ 5 മടങ്ങ് ഒടുക്കുവാൻ ബാധ്യസ്ഥനാണെന്നും. നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകിയിരുന്നു. എന്നാൽ ഇപ്രകാരം അടിത്തറ നിർമ്മാണം പൂർത്തിയാക്കിയതായി യാതൊരു രേഖയും സ്ഥലമുടമ നാളിതുവരെ സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നുവെങ്കിലും ടിയാൻ സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ ചങ്ങനാശ്ശേരി താലൂക്കിൽ മാടപ്പള്ളി വില്ലേജിൽ റീസർവെ നം. 135/6-17 -ൽപ്പെട്ട സ്ഥലത്ത് അനുമതി പ്രകാരം നീക്കം ചെയ്ത 1052 മെട്രിക് ടൺ സാധാരണ മണ്ണിന് റോയൽറ്റി (ടണ്ണിന് 20/- രൂപാ നിരക്കിൽ 5 മടങ്ങ്) 1052 MT x 20 x 5 = 1,05,200/- ( ലക്ഷത്തി അയ്യായിരത്തി ഇരുന്നൂറ് രൂപ മാത്രം) ഒടുക്കി കുറ്റം രാജിയാക്കുന്നതിന് സ്ഥലമുടമയായ ശ്രീ.സെബാൻ സ്കറിയ എന്ന വ്യക്തിക്ക് പരാമർശം (1) പ്രകാരം കോട്ടയം ജില്ലാ ജിയോളജിസ്റ്റ് നൽകിയ ഡിമാന്റ്

നോട്ടീസിനെതിരെയാണ് പരാമർശം (2) പ്രകാരം ശ്രീ. സ്കറിയ സെബാസ്റ്റ്യൻ എന്നയാൾ ടിയാന്റെ മകൻ സെബാൻ സ്കറിയക്കുവേണ്ടി അപ്പീൽ ഹർജി സമർപ്പിച്ചിരിക്കുന്നത്. മകൻ പിതാവിന്റെ പേരിൽ സർവ്വമുക്ത്യാർ നൽകിയിട്ടുള്ളതാണ്.

2) ഹർജിവിഷയം അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി 2/6/2026 ൽനേരിൽ കേട്ടു. ഹിയറിംഗിൽ ഹർജിക്കക്ഷിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്തു. കെട്ടിട നിർമ്മാണത്തിനായി അനുമതി ലഭിച്ചിരുന്നുവെങ്കിലും സാമ്പത്തിക ബാധ്യത ഉണ്ടായതിനാലാണ് നിർമ്മാണ പ്രവർത്തികൾ നടത്തുവാൻ സാധിക്കാതിരുന്നതെന്നും അതിനാൽ പിഴ അടക്കുന്നതിൽ നിന്നും ഒഴിവാക്കി നൽകണമെന്നും അപേക്ഷിച്ചു.

3) ഹർജിവിഷയത്തിൽ പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിൽ കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ മാടപ്പള്ളി വില്ലേജിൽ ബ്ലോക്ക് - 9, റീസർവ്വേ നം. 135/6-17 -ൽ പ്പെട്ട സ്ഥലത്തുനിന്നും താമസാവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് ശ്രീ.സ്കറിയ ഹൗസ്, ചങ്ങനാശ്ശേരി എന്ന വ്യക്തി മാടപ്പള്ളി സെബാസ്റ്റ്യൻ, എന്ന വ്യക്തിക്ക് നിബന്ധനകളുടെ അടിസ്ഥാനത്തിൽ അനുമതി നൽകിയിരുന്നു .പഞ്ചായത്തിൽ നിന്നും ബിൽഡിംഗ് പെർമിറ്റും ഡെവലപ്മെന്റ് പ്ലാനും സമ്പാദിച്ച് കെട്ടിട നിർമ്മാണം നടത്തുന്നതിലേക്ക് സാധാരണ മണ്ണ് നീക്കം ചെയ്ത് ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറയെങ്കിലും നിർമ്മിക്കണമെന്നും അല്ലാത്ത സാഹചര്യത്തിൽ ടി പ്രവൃത്തി അനധികൃതമായി കണക്കാക്കി റോയൽറ്റിയുടെ 5 ഇരട്ടി ഈടാക്കണമെന്നും 2015-കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14(5) പ്രകാരം നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത ചട്ടപ്രകാരം ഒരു വർഷത്തിനുള്ളിൽ അടിത്തറ നിർമ്മാണം പൂർത്തിയാക്കി ജില്ലാ ആഫീസിനെ രേഖാമൂലം അറിയിക്കാത്ത പക്ഷം തുടർ നിയമനടപടി സ്വീകരിക്കുമെന്ന് ജില്ലാ ഓഫീസിൽ നിന്നും നൽകിയ അനുമതി ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും ഇപ്രകാരം അടിത്തറ നിർമ്മാണം ചെയ്തു കൊള്ളാമെന്നും അല്ലാത്ത പക്ഷം തുടർനിയമ നടപടിക്ക് വിധേയമാണ് എന്നുള്ള നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം സ്ഥലമുടമ സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയതായ യാതൊരു രേഖയും നാളിതുവരെ ഹാജരാക്കാത്തതിനാൽ ഹർജിക്കക്ഷിക്ക് നോട്ടീസ് നൽകിയതിൽ ശ്രീ.സ്കറിയ സെബാസ്റ്റ്യൻ സമർപ്പിച്ച മറുപടിയിൽ അപ്രതീക്ഷിതമായി ഉണ്ടായ സാമ്പത്തിക പ്രശ്നങ്ങൾ മൂലം ടി വസ്തുവിൽ വീട് നിർമ്മാണം തുടങ്ങാൻ സാധിക്കാതെ വന്നിട്ടുള്ളതാണെന്നാണ് അറിയിച്ചിട്ടുള്ളത് . ടി മറുപടി 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമുള്ള തുടർനടപടികളിൽ നിന്നും ഒഴിവാക്കുവാൻ പര്യാപ്തമല്ലാത്തതിനാൽ ചട്ടം 14 (2) പ്രകാരം അനുമതി നൽകിയ 1052 മെട്രിക് ടൺ സാധാരണ മണ്ണിൻ്റെ റോയൽറ്റി (ടണ്ണിന് 20/-രൂപാ നിരക്കിൽ 5 മടങ്ങ്) യുടെ 5 മടങ്ങ് 1052 MT x 20 x 5 1,05,200/- വ്യക്തിയിൽ നിന്നും ഈടാക്കുന്നതിലേക്ക് അഡ്ജുഡിക്കേഷൻ ഉത്തരവും തുടർന്ന് ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. ടി ഡിമാൻഡ് നോട്ടീസിനെതിരെയാണ് ശ്രീ. സ്കറിയ സെബാസ്റ്റ്യൻ സർക്കാരിൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്. ടി സ്ഥലത്ത് മണ്ണ് നീക്കി ഒരു വർഷത്തിനകം വീടിൻ്റെ അടിത്തറപോലും നിർമ്മിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ

ടിയാൻ സമർപ്പിച്ച സത്യവാങ്മൂലം, 2015-ലെ കേരളാ മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ ചട്ടം 14(5) എന്നിവ പ്രകാരം ഡിമാൻഡ് നോട്ടീസിൽ പറഞ്ഞിട്ടുള്ള തുക അടയ്ക്കാൻ ടിയാൻ ബാദ്ധ്യസ്ഥനാണ്.
2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14(5) പ്രകാരം " In the event of failure to complete at least the construction of basement of building within one year from the date of issuance of mineral transit passes the act of extraction of ordinary earth shall be treated as illegal and the offender shall be liable to pay an amount equal to five times the royalty of the ordinary earth extracted from the area, in addition to the amount already paid". മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ നിയമപരമായി അടക്കേണ്ട ടി തുക അടക്കുന്നതിൽ നിന്ന് ടിയാനെ ഒഴിവാക്കുന്നതിന് നിർവ്വാഹമില്ലാത്തതാണ് .

ഗൃഹനിർമ്മാണത്തിൻ്റെ ഭാഗമായി സാധാരണമണ്ണ് നീക്കം ചെയ്യുന്നതിന് ട്രാൻസിറ്റ് പാസുകൾ സമ്പാദിച്ച ശേഷം ഒരു വർഷത്തിനുള്ളിൽ അംഗീകൃത ബിൽഡിംഗ് പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിൻ്റെ അടിത്തറയെങ്കിലും പൂർത്തികരിച്ച് ജില്ലാ ഓഫീസിനെ അറിയിക്കാമെന്ന സത്യവാങ്മൂലം, 19/01/2022 തീയതിയിലെ അനുമതി ഉത്തരവിലെ വ്യവസ്ഥ -9 എന്നിവ അപ്പീൽ ഹർജിക്കാരൻ പാലിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 2015-ലെ കേരളാ മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14(5) പ്രകാരം നീക്കം ചെയ്ത മണ്ണിന്റെ 5 മടങ്ങ് ഈടാക്കുന്നതിലേക്ക് അപ്പീൽ ഹർജിക്കാരന് നൽകിയ ഡിമാൻഡ് നോട്ടീസ് ശരിവെച്ച് ഉത്തരവാകണമെന്നും ശുപാർശ ചെയ് തിരിക്കുന്നു.

3) ഹർജിവിഷയം വിശദമായി പരിശോധിച്ചു. കെട്ടിട നിർമ്മാണം നടത്തുന്നതിലേക്ക് സാധാരണ മണ്ണ് നീക്കം ചെയ്ത് ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറയെങ്കിലും നിർമ്മിക്കണമെന്നും അല്ലാത്ത സാഹചര്യത്തിൽ ടി പ്രവൃത്തി അനധികൃതമായി കണക്കാക്കി റോയൽറ്റിയുടെ 5 ഇരട്ടി ഈടാക്കണമെന്നും 2015-കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14(5) നിഷ്കർഷിക്കുന്നതു പ്രകാരം ഒരു വർഷത്തിനുള്ളിൽ അടിത്തറ നിർമ്മാണം പൂർത്തിയാക്കി ജില്ലാ ആഫീസിനെ രേഖാമൂലം അറിയിക്കാത്ത പക്ഷം തുടർ നിയമനടപടി സ്വീകരിക്കുമെന്ന് ജില്ലാ ഓഫീസിൽ നിന്നും നൽകിയ അനുമതി ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും ഇപ്രകാരം അടിത്തറ നിർമ്മാണം ചെയ്തു കൊള്ളാമെന്നും അല്ലാത്ത പക്ഷം തുടർനിയമ നടപടിക്ക് വിധേയമാണ് എന്നുള്ള നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം സ്ഥലമുടമ സമർപ്പിച്ചിട്ടുള്ളതുമാണ്.അതിനാൽ സാമ്പത്തിക ബാധ്യത മൂലമാണ് അടിത്തറ നിർമ്മാണം നടത്താതിരുന്നതെന്ന ഹർജിക്കക്ഷിയുടെ വാദത്തിൽ കഴമ്പില്ല. ഈ സാഹചര്യത്തിൽ കെട്ടിട നിർമ്മാണത്തിനായി മണ്ണ് നീക്കുന്നതിന് അനുമതി നൽകിയ സ്ഥലത്ത് അടിത്തറ നിർമ്മാണം പൂർത്തിയാക്കാത്തതിന് കെ.എം.എം സി ചട്ടം 14(5) പ്രകാരം ഹർജിക്കക്ഷിക്ക് നൽകിയ ഡിമാന്റ് നോട്ടീസ് ശരിവെച്ച് കൊണ്ടും അതിൻ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ ജില്ലാ ജിയോളജിസ്റ്റിന് നിർദേശം നൽകിയും ശ്രീ. സ്കറിയ സെബാസ്റ്റ്യൻ സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി അജിത

അഡിഷണൽ സെക്രട്ടറി

1. ശ്രീ. സ്കറിയ സെബാസ്റ്റ്യൻ , കുട്ടംപേരൂർ ഹൗസ്,ചങ്ങനാശ്ശേരി

2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം

3. ഡയറക്ടർ, മൈനിംഗ് & ജിയോളജി , തിരുവനന്തപുരം

4. ജില്ലാ ജിയോളജിസ്റ്റ്, മലപ്പുറം

5. വിവരം പൊതുജന സമ്പർക്ക് (വെബ് & ന്യൂമീഡിയ ) വകുപ്പ്

6.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (എ4/124/2026-വ്യവ)

Signed by
Sabitha B
Date: 29-06-2026 12:30:09